നമ്പർ. സി.പി(6)21466/2012

സഹകരണ സംഘം രജിസ്ട്രാർ ആഫീസ്
തിരുവനന്തപുരം, തീയതി : 21.02.2014
Email: keralarcs.coop@kerala.gov.in
website : www.cooperation.kerala.gov.in
Fax : 0471-2331513
Tel-0471-2330726

# സർക്കുലർ നമ്പർ. 02/2014

വിഷയം : സഹകരണ വകുപ്പ് - പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾ/സർവ്വീസ് സഹകരണ ബാങ്കുകൾ/എംപ്ലോയീസ് സഹകരണ സംഘങ്ങൾ പ്രതിമാസ നിക്ഷേപങ്ങൾ/ഗ്രൂപ്പ് ഡെപ്പോസിറ്റ്സ്കീം - നിർദ്ദേശം പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്.

പരാമർശം : സഹകരണ സംഘം രജിസ്ട്രാറുടെ **14.08.2012** ലെ **36/2012** നമ്പർസർക്കുലർ

................

1. പ്രാഥമിക കാർഷികവായ്പാസംഘങ്ങൾ/സർവ്വീസ് സഹകരണ ബാങ്കുകൾ/എംപ്ലോയീസ് സഹകരണ സംഘങ്ങൾ എന്നിവ എം.ഡി.എസ് (Monthly Deposit Scheme) എന്ന പേരിൽ നടത്തുന്ന പ്രത്യേക നിക്ഷേപ പദ്ധതി നെറ്റ് അസറ്റിന്റെ 50% ൽ അധികരിക്കാതെ ഓരോ നിക്ഷേപ പദ്ധതിക്കും പരമാവധി സലത്തുക 10 ലക്ഷം രൂപയിലധികരിക്കാതെ ബന്ധപ്പെട്ട ജോയിന്റ് രജിസ്ട്രാർ മാരുടെ അംഗീകാരത്തോടു കൂടി നടത്താൻ സൂചന പ്രകാരം അനുമതി നൽകിയിരുന്നു. അപ്രകാരം അനുമതി നൽകുമ്പോൾ ഇപ്രകാരം നൽകുന്ന പ്രത്യേക നിക്ഷേപ പദ്ധതിക്ക് ഓരോ എം.ഡി.എസ് ന്റെയും ആദായത്തിന്റെ 2% വരുന്ന തുക ഫീസായി സർക്കാരിൽ അടയ്ക്കേണ്ടതാണെന്ന് സഹകരണ സംഘം രജിസ്ട്രാറുടെ 01.03.2005 തീയതിയിലെ സി.പി.(2) 5200/05 നമ്പർ കത്ത് പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ടായിരുന്നു.

2. എന്നാൽ ഇപ്രകാരം പ്രത്യേകം നിക്ഷേപപദ്ധതിയ്ക്ക് ജില്ലാ സഹകരണ ബാങ്കിൽ ഈടായി അടയ്ക്കേണ്ട തുകയെ സംബന്ധിച്ചും, നെറ്റ് അസറ്റ് (Net Asset) കണക്കാക്കുന്നതിനെ സംബന്ധിച്ചും വ്യക്തമായ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കണമെന്ന് 'മുഖാമുഖം' പരിപാടിയിൽ ഉന്നയിക്കപ്പെട്ടിരുന്നതിന്റെ അടിസ്ഥാനത്തിൽ ചുവടെ പരാമർശിക്കുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

   എ) എം.ഡി.എസ് നടത്തുന്നതിന്, സംഘത്തിന്റെ അറ്റ ആസ്തിയുടെ 50%ത്തിൽ അധികരിച്ച് അനുവാദം നൽകാൻ പാടുള്ളതല്ലെന്ന് സൂചന സർക്കുലറിൽ വ്യവസ്ഥ ചെയ്തിരുന്നു. സംഘത്തിന്റെ ബാലൻസ് ഷീറ്റിൽ കാണിച്ചിട്ടുള്ള സ്വത്തുക്കളും, ബാധ്യ

തകളും തമ്മിലുള്ള വ്യത്യാസമാണ് അറ്റആസ്തി ആയി കണക്കാക്കുന്നത്. എന്നാൽ ഇക്കാര്യത്തിൽ വ്യക്തത വേണമെന്ന് ആവശ്യമുയർന്നിട്ടുള്ളതിനാൽ ആയത്പരിശോധിക്കുകയും, അതിന്റെ അടിസ്ഥാനത്തിൽ ഒരു സഹകരണ സംഘം നടത്തുന്ന പ്രതിമാസ നിക്ഷേപ പദ്ധതിയുടെ ആകെ മൂല്യതുക, ഒരു സംഘത്തിന്റെ അറ്റസ്വന്ത ഫണ്ട് (Net Owned Fund) ന്റെ 10 ഇരട്ടിയിലധികരിക്കരുത് എന്ന് ഭേദഗതി ചെയ്യുന്നു.

അതായത് അറ്റ സ്വന്ത ഫണ്ട് എന്നാൽ -

**Net Owned Fund** = (Paid up capital + Free Reserves) – (Accummulated balance of loss + Deferred Revenue Expenditure and Other intangible Assets)

എന്നാണ്.

3. ഏറ്റവും അവസാനം സഹകരണ ആഡിറ്റ് ഡയറക്ടർ അംഗീകരിച്ചുനൽകിയ ആഡിറ്റ് സർട്ടിഫിക്കറ്റിലെ ബാലൻസ് ഷീറ്റിനെ അടിസ്ഥാനമാക്കി മാത്രമേ ഇപ്രകാരം അറ്റ സ്വന്തം ഫണ്ട് കണക്കാക്കാവൂ എന്നും നിർദ്ദേശിക്കുന്നു.
4. സൂചന സർക്കുലറിൽ പരാമർശിക്കും പ്രകാരം ഒരു സഹകരണ സംഘത്തിന് നടത്താ വുന്ന പ്രതിമാസ നിക്ഷേപ പദ്ധതി (എം.ഡി.എസ്) 10 ലക്ഷം രൂപയിൽ അധികരിക്കാൻ പാടുള്ളതല്ല. എന്നാൽ 100 കോടി രൂപയ്ക്ക് നിക്ഷേപമുള്ളതും അറ്റസ്വന്തഫണ്ട് 100 കോടിരൂപയ്ക്ക് മുകളിലുള്ളതാണെങ്കിൽ 25 ലക്ഷം രൂപ വരെയുള്ള പ്രതിമാസ നിക്ഷേപ പദ്ധതിനടത്താൻ ജോയിന്റ് രജിസ്ട്രാർക്ക് അനുമതി നൽകാവുന്നതാണ്. എന്നാൽ ഇപ്രകാരം അനുമതി നൽകുന്നതിനു മുമ്പ് സംഘത്തിന്റെ ആഡിറ്റ് സർട്ടിഫിക്കറ്റ് പ്രകാരവും പൊതു വിലയിരുത്തലിലും സംഘം പ്രവർത്തനത്തിൽ യാതൊരു ന്യൂനതകളില്ലെന്ന് ബോധ്യപ്പെടേണ്ടതാണ്.
5. പ്രതിമാസ നിക്ഷേപ പദ്ധതി നടത്തുന്ന സഹകരണസംഘങ്ങൾ, ബന്ധപ്പെട്ട ജില്ലാ സഹകരണ ബാങ്കിൽ, ഓരോ പ്രതിമാസ നിക്ഷേപപദ്ധതിയ്ക്കും ഈടായി, സംഘത്തിന്റെ പേരിൽ, സ്ഥിര നിക്ഷേപമായോ, പ്രത്യേക നിക്ഷേപ സ്കീമിലോ പ്രതിമാസ നിക്ഷേപ പദ്ധതിയുടെ അറ്റമൂല്യം/തുകയുടെ തുല്യമായ തുക, നിക്ഷേപിക്കേണ്ടതും, അപ്രകാരം നിക്ഷേപം നടത്തി ജില്ലാ ബാങ്കിൽ നിന്ന് സർട്ടിഫിക്കറ്റ് ഹാജരാക്കുന്ന മുറയ്ക്ക് മാത്രം ജോയിന്റ് രജിസ്ട്രാർ, പ്രത്യേക പ്രതിമാസ നിക്ഷേപ പദ്ധതിയ്ക്ക് അനുമതി നൽകിയാൽ മതിയാകുന്നതുമാണ്.
6. ജില്ലാബാങ്കിൽ ഈടായി നിക്ഷേപിച്ചിരിക്കുന്ന പ്രത്യേക നിക്ഷേപം യാതൊരുകാരണവശാലും ടി പദ്ധതിയുടെകാലയളവിൽ ജില്ലാ സഹകരണബാങ്ക് തിരികെനൽകാൻ പാടില്ലാത്തതും, പ്രത്യേക നിക്ഷേപ പദ്ധതി നടത്തുന്നതിന് ജോയിന്റ് രജിസ്ട്രാറുടെ അനുമതി ലഭിയ്ക്കുന്ന മുറയ്ക്ക്

നിക്ഷേപ രസീതിന്റെ മറുവശത്തും, ബന്ധപ്പെട്ട നിക്ഷേപ രജിസ്റ്ററിലും, നിക്ഷേപ പദ്ധതിയുടെ നമ്പർ, കാലാവധി പൂർത്തിയാകുന്ന മാസം/വർഷം എന്നിവ രേഖപ്പെടുത്തേണ്ടതും ആണ്. ഇതിനായി നിക്ഷേപ പദ്ധതിയ്ക്ക് അനുവാദം നൽകിയ ഉത്തരവിന്റെ പകർപ്പ് ജില്ലാ സഹകരണ ബാങ്കിന്റെ ഹെഡ്ഡാഫീസ്/ബന്ധപ്പെട്ട ശാഖമാനേജർക്ക് രജിസ്റ്റേർഡ് തപാലിൽ/പ്രത്യേക ദൂതൻ മുഖേന നൽകേണ്ടതാണ്. ഇപ്രകാരം തന്നെ, പ്രത്യേക നിക്ഷേപ പദ്ധതി അവസാനിയ്ക്കുന്ന മുറയ്ക്ക് സംഘത്തിന്റെ അപേക്ഷ ലഭിയ്ക്കുന്ന മുറയ്ക്ക് സംഘത്തിന് നിക്ഷേപം റിലീസ് ചെയ്തു നൽകുന്നതിന് ജില്ലാ ബാങ്കിന് രേഖാമൂലം നിർദ്ദേശം നൽകേണ്ടതും, സംഘത്തിന്റെ നിക്ഷേപം പലിശ സഹിതം സംഘത്തിന് ജില്ലാ ബാങ്കിന്റെ അക്കൗണ്ടിൽ വരവ് വച്ച് നൽകേണ്ടതാണ്. ടി നിക്ഷേപത്തിന് നിക്ഷേപിക്കുന്ന കാലയളവിൽ ടി കാലയളവിലുള്ള നിക്ഷേപത്തിന് രജിസ്ട്രാർ പുറപ്പെടുവിച്ചിട്ടുള്ള സർക്കുലർ പ്രകാരമുള്ള പലിശനിരക്ക് നൽകേണ്ടതുമാണ്.

7. അനുമതിനൽകുന്ന നിക്ഷേപപദ്ധതികളെസംബന്ധിച്ച് ജോയിന്റ്രജിസ്ട്രാർ അനുബന്ധം-1 പ്രകാരമുള്ള രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ വരുത്തി സൂക്ഷിക്കേണ്ടതാണ്. ഇതിനായി ജോയിന്റ് രജിസ്ട്രാർമാർ ടി മാതൃകയിൽ രജിസ്റ്റർപ്രിന്റ് ചെയ്ത് സൂക്ഷിക്കേണ്ടതാണ്. ടി രജിസ്റ്റർ സഹകരണ സംഘം രജിസ്ട്രാർ/രജിസ്ട്രാർ ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥൻ പരിശോധനയ്ക്ക് ആവശ്യപ്പെടുന്ന വേളയിൽ ഹാജരാക്കേണ്ടതുമാണ്.

8. ഓരോ ജില്ലയിലും പ്രതിമാസ നിക്ഷേപ പദ്ധതിയ്ക്ക് പ്രത്യേക നമ്പർ അലോട്ട് ചെയ്തു നൽകേണ്ടതാണ്. ആയതുസംബന്ധിച്ച് ബന്ധപ്പെട്ട ജോയിന്റ് രജിസ്ട്രാർമാർക്ക് പ്രത്യേകം അറിയിപ്പ് നൽകുന്നതാണ്.

   ഓരോ ജില്ലയ്ക്കും,താലൂക്കിനും അംഗീകരിച്ചുനൽകിയിട്ടുള്ള ചുരുക്കപേർ അനുബന്ധം-2 ആയി ഉള്ളടക്കം ചെയ്യുന്നു.

9. നിലവിൽ നടന്നുവരുന്ന പ്രതിമാസ നിക്ഷേപ പദ്ധതികൾക്ക് 2 മാസത്തിനകം രജിസ്റ്റർ നമ്പർ നിശ്ചയിച്ചു സംഘത്തിന് നൽകേണ്ടതും, സെക്യൂരിറ്റിതുക ഇതിനകം അടയ്ക്കാത്ത പക്ഷം ആയത് അടപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതുമാണ്.

10. ഓരോ മൂന്നു മാസത്തിലൊരിക്കൽ സംഘത്തിന്റെ ആഡിറ്റർ, ഈ പ്രതിമാസ നിക്ഷേപ പദ്ധതിയുടെ കണക്കുകൾ നിർബന്ധമായി പരിശോധിച്ച് രജിസ്റ്ററിൽ സാക്ഷ്യപ്പെടുത്തേണ്ടതാണ്. സംഘം പരിശോധന നടത്തുന്ന അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) യൂണിറ്റ് ഇൻസ്പെക്ടർമാർ

എന്നിവരും 3 മാസത്തിലൊരിയ്ക്കൽ ടി നിക്ഷേപ പദ്ധതി രജിസ്റ്റർ പരിശോധിച്ച് സാക്ഷ്യപ്പെടുത്തേണ്ടതാണ്.

11. സഹകരണ സംഘങ്ങളെ അംഗങ്ങൾക്ക് നൽകുന്ന എം.ഡി.എസ് പാസ്സ്ബുക്കിലും, രസീതുകളിലും ടി, എം.ഡി.എസ് ന്റെ അനുവാദ കത്ത്/അറിയിപ്പിന്റെ നമ്പരും തീയതിയും നിർബന്ധമായും രേഖപ്പെടുത്തേണ്ടതാണ്. എം.ഡി.എസിന്റെ മാതൃക പാസ്സ് ബുക്ക് ഇതോടൊപ്പം അനുബന്ധം-3 ആയി ഉള്ളടക്കം ചെയ്യുന്നു.

12. ഏതെങ്കിലും സഹകരണ സംഘം,രജിസ്റ്റർ ചെയ്യാതെ പ്രതിമാസനിക്ഷേപദ്ധതി (എം.ഡി.എസ്) നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ, കർശനനടപടി സ്വീകരിക്കേണ്ടതും ടി നിക്ഷേപ പദ്ധതി തടഞ്ഞു കൊണ്ട് ഉത്തരവ് നൽകേണ്ടതും, ബന്ധപ്പെട്ടവർക്കെതിരെ സംഘം ഭാരവാഹികൾ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

13. ടി സർക്കുലർ നിർദ്ദേശം, ബന്ധപ്പെട്ട സഹകരണ സംഘങ്ങളുടെ ശ്രദ്ധയിൽപ്പെടുത്തി തുടർ നടപടികൾ ഉടൻ സ്വീകരിയ്ക്കേണ്ടതാണ്. ബന്ധപ്പെട്ട വകുപ്പ് ഉദ്യോഗസ്ഥർ തങ്ങളുടെ ഭരണ ചുമതലയിലുള്ള/നിയന്ത്രണത്തിലുള്ള സംഘങ്ങൾ നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കുന്നു എന്ന് ഉറപ്പുവരുത്തേണ്ടതാണ്.

ഒപ്പ്
കെ.ഗോപാലകൃഷ്ണഭട്ട്.ഐ.എ.എസ്
സഹകരണ സംഘം രജിസ്ട്രാർ

പകർപ്പ് :

1. എല്ലാ സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ) മാർക്കും
2. എല്ലാ സഹകരണ സംഘം ജോയിന്റ് ഡയറക്ടർ (ആഡിറ്റ്) മാർക്കും
3. ഡയറക്ടർ, സഹകരണ ആഡിറ്റ് ഡയറക്ടറേറ്റ്, തിരുവനന്തപുരം.
4. പ്രസിഡന്റ്/ജനറൽ മാനേജർമാർ, ജില്ലാ സഹകരണ ബാങ്കുകൾ.
5. എല്ലാ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)/വാല്യുവേഷൻ ആഫീസർമാർക്കും
6. എല്ലാ അസിസ്റ്റന്റ് ഡയറക്ടർമാർക്കും.
7. എല്ലാ പ്രാഥമിക വായ്പാ സഹകരണ സംഘങ്ങൾ/ബാങ്കുകൾക്കും (ജോയിന്റ് രജിസ്ട്രാർ (ജനറൽ) മുഖേന)
8. ഈ ആഫീസിലെ എല്ലാ അഡീഷണൽ രജിസ്ട്രാർമാർക്കും/സെക്ഷനുകൾക്കും
9. രജിസ്ട്രാറുടെ മേശപ്പുറത്ത്
10. എഡിറ്റർ, സഹകരണ വീഥി, ജേർണൽ (പ്രസിദ്ധീകരണത്തിന്)
11. സ്റ്റോക്ക് ഫയൽ
12. സ്പെയർ.